**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **01-09-2022 - ൽ മറുപടിയ്ക്ക്**

**അവയവദാന രംഗത്ത് സമഗ്രമായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവദാന രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും സാധാരണക്കാർക്ക് കൂടി സഹായകരമാകുന്ന രീതിയിൽ ഈ രംഗത്തെ നവീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ; ഇതിനായി സമഗ്ര പ്രോട്ടോക്കോൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും, അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുണ്ട്. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ കീഴിൽ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിലുണ്ട്. മരണാനന്തര അവയവദാനം മുഖേനയുള്ള അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിനായി 26.06.2022 ലെ സ.ഉ (സാധാ) നം.1522/2022/ആ.കു.വ പ്രകാരം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്കായി 1.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഒരു രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകുകയും സുതാര്യമാകുകയും ചെയ്യും. അവയവദാന രംഗത്ത് സമഗ്ര മാറ്റം കൊണ്ടു വരുന്നതിന് ഒരു പ്രോട്ടോകോൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.** |
| (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക സംഘത്തെ സജ്ജീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **പരിശോധിച്ചുവരുന്നു.** |

| | | | |
|---|---|---|---|
| (സി) | അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാല്കരിക്കുന്നതിനും അവയവദാനം സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയവദാനത്തിനായി സമൂഹത്തെ പ്രേരിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രചാരണ - ബോധന പരിപാടികൾ സംബന്ധിച്ച് വിശദമാക്കാമോ; ഈ പരിപാടികൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (സി) | **അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഹെൽത്ത് കെയർ പ്രൊഫഷണലുകൾ, കോളേജ് വിദ്യാർത്ഥികൾ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവർക്കായി അവയവദാന ബോധവത്കരണ ക്ലാസ്സുകൾ, ശിൽപശാലകൾ, പരിശീലന പരിപാടികൾ എന്നിവ കേരള സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനി മുഖേന നടന്നുവരുന്നു. കേരളത്തിൽ അവയവദാന ബോധവത്കരണ പ്രചാരണം പ്രോത്സാഹിപ്പിക്കുന്നതിനായി മൃതസഞ്ജീവനി പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി പ്രശസ്ത സിനിമാതാരം ശ്രീ.മോഹൻലാലിനെ നിയമിച്ചിട്ടുണ്ട്. അവയവദാന ദിനത്തോടനുബന്ധിച്ച് അവയവദാതാവിനെ ആദരിക്കുന്ന പരിപാടികൾ നടത്തി വരുന്നു. അവയവദാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി നിലവിൽ വന്നിട്ടുള്ള കെ സോട്ടോ മുഖേന അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേരളത്തിൽ അങ്ങോളമിങ്ങോളം വിപുലമായ പ്രചാരണ പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ